**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4496** **06-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ടശ്ശാംകടവിൽ കെ.എസ്.ഇ.ബി. ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവിൽ കെ.എസ്.ഇ.ബി. ചാർജിംഗ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടോ; | (എ) | മണലൂർ മണ്ഡലത്തിൽ കണ്ടശ്ശാംകടവിൽ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരം ഒരു ചാർജിംഗ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എന്നാണ് പൂർത്തീകരിച്ചതെന്നും അറിയിക്കാമോ; | (ബി) | ജോലി ആരംഭിച്ചത് - 10.03.2021<br>ജോലി പൂർത്തിയായത് - 03.01.2023 |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിക്ക് ആകെ 31,98,039.8 രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | പ്രവൃത്തി പൂർത്തീകരിച്ച ശേഷം ചാർജിംഗ് സ്റ്റേഷൻ യഥാസമയം തുറന്ന് കൊടുത്തില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ഡി) | പരാതി ലഭിച്ചിട്ടില്ല. |
| (ഇ) | പ്രചാരം നൽകാതെയും മുന്നറിയിപ്പില്ലാതെയും ചാർജിംഗ് സ്റ്റേഷൻ തുറക്കാൻ ഇടയായത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ? | (ഇ) | 2022 മെയ് മാസത്തിൽ ചാർജിംഗ് സ്റ്റേഷനുകളുടെ തൃശ്ശൂർ ജില്ലാതല ഉത്ഘാടനം നടന്നു കഴിഞ്ഞിരുന്നു. എന്നാൽ ഈ സമയം കണ്ടശ്ശാംകടവ് ചാർജിംഗ് സ്റ്റേഷൻ പൂർത്തിയായിരുന്നില്ല. സംസ്ഥാനത്ത് ചാർജിംഗ് സ്റ്റേഷനുകളുടെ ദൗർലഭ്യം നേരിട്ടിരുന്ന സാഹചര്യത്തിലാണ് പൂർത്തിയായ സ്റ്റേഷനുകൾ എത്രയും പെട്ടെന്ന് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്ന-തിലേക്കായി തുറന്നു കൊടുത്തത്. പിന്നീട് 03.01.2023 ന് പണി പൂർത്തീകരിച്ചപ്പോൾ കണ്ടശ്ശാംകടവ് ചാർജിംഗ് സ്റ്റേഷൻ പ്രാദേശിക അറിയിപ്പ് നൽകി പൊതുജനത്തിന് വേണ്ടി തുറന്നു കൊടുക്കുകയായിരുന്നു. |

സെക്ഷൻ ഓഫീസർ